(ബി) ആകെ എത്ര കോടി രൂപയാണ് ഇതുവഴി ശേഖരിക്കാൻ കഴിഞ്ഞത് എന്ന് വെളിപ്പെടുത്താമോ ;

(സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഈ ബോണ്ടുകൾക്കുള്ള പലിശ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2003 ജൂൺ–ജൂലായിൽ 300 (മൂന്നൂറ്) കോടി രൂപയുടെ ഒരു ബോണ്ട് ഇഷ്യൂ പൂർത്തിയായിട്ടുണ്ട്.

(ബി) 307.74 (മൂന്നിറ്റി ഏഴ് ദശാംശം ഏഴ് നാല്) കോടി രൂപ സമാഹരിച്ചു.

(സി) അഖിലേന്ത്യാ തലത്തിലുള്ള ഈ ബോണ്ട് ഇഷ്യൂവിൽ ബാങ്കുകൾ, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ എന്നിവരാണ് നിക്ഷേപകർ. അതിനാൽ ജില്ല തിരിച്ച കണക്ക് ലഭ്യമല്ല.

(ഡി) ഏഴ് വർഷം കാലാവധി നിശ്ചയിച്ചിട്ടുള്ള പ്രസ്തുത ബോണ്ടിന്റെ പലിശ നിരക്ക് 10.25% (പത്ത് ദശാംശം രണ്ട് അഞ്ച്).

അറ്റകുറ്റപ്പണികൾക്ക് സാധനസാമഗ്രികൾ അലോട്ട് ചെയ്യുന്നതിലെ കാലതാമസം

114 (3914) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ സാധനസാമഗ്രികൾ സെക്ഷൻ ഓഫീസുകളിൽ അലോട്ട് ചെയ്യപ്പെടാതിരിക്കുന്നതിനാൽ അറ്റുകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിയാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെക്ഷൻ ഓഫീസുകളിൽ ജീപ്പില്ലാത്തതിനാൽ വൈദ്യുതി ലൈൻ പൊട്ടിവീഴുന്ന ഘട്ടത്തിൽ വളരെ പെട്ടെന്ന് ലൈൻ ഓഫ് ചെയ്യാനും അപകടാവസ്ഥ ഒഴിവാക്കാനും കഴിയാത്ത കാര്യം ബോർഡ് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഇതിന് പരിഹാരം കാണാൻ ബോർഡ് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) അറ്റകുറ്റപ്പണിക്ക് ആവശ്യമായ സാധനസാമഗ്രികളുടെ ദൗർലഭ്യം ഉണ്ടായിട്ടുണ്ടെങ്കിലും ബോർഡിൽ ലഭ്യമായ സാധനങ്ങൾ അലോട്ട് ചെയ്ത് നൽകാത്തതിന്റെ പേരിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിയാതെ വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെക്ഷൻ ഓഫീസുകളിൽ ജീപ്പില്ലാത്ത സാഹചര്യം സാധാരണ ഉണ്ടാകാറില്ല. വാഹനങ്ങളുടെ അഭാവംമൂലം ജോലിക്ക് തടസ്സം ഉണ്ടാകാതിരിക്കാൻ എല്ലാ സബ് ഡിവിഷൻ ഓഫീസുകളിലും ബോർഡ് ജീപ്പോ, വാടക ജീപ്പോ ഏർപ്പെടുത്തിയിട്ടുണ്ട്. ജീപ്പിന്റെ അഭാവത്തിൽ അടിയന്തര സാഹചര്യത്തിൽ വാഹനം വാടകയ്ക്ക് എടുത്ത് ജോലി നിർവ്വഹിക്കാറുണ്ട്.

(സി) പ്രസക്തമല്ല.

കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിയുമായി ബോർഡ് ഒപ്പുവച്ച കരാർ

115 (3915) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനാവശ്യമായ മീറ്ററുകൾ സപ്ലൈ ചെയ്യുന്നതിന് കൊല്ലത്തെ യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിയുമായി ബോർഡ് എന്തെങ്കിലും കരാറിൽ ഒപ്പ് വച്ചിട്ടുണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കരാർ റദ്ദുചെയ്യുകയുണ്ടായോ ; എങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ ;

(സി) ബോർഡ് മെക്കാനിക്കൽ ഹൗസ് സർവ്വീസ് മീറ്ററിന് പകരം ഇലക്ട്രോണിക് മീറ്റർ ഉപയോഗിച്ചാൽ മതി എന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) മെക്കാനിക്കൽ മീറ്റർ ഉപക്ഷേിച്ച് ഇലക്ട്രോണിക് മീറ്ററുകളിലേക്ക് മാറിയ മറ്റ് സംസ്ഥാന വൈദ്യുതി ബോർഡുകളേയും വീണ്ടും മെക്കാനിക്കാൽ മീറ്ററുകൾ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പൊതുമേഖലാ സ്ഥാപനമായ കൊല്ലത്തെ മീറ്റർ കമ്പനിയുമായി ഉണ്ടായിരുന്ന കരാർ പുനഃസ്ഥാപിച്ച് മെക്കാനിക്കൽ മീറ്ററുകൾ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇലക്ട്രിസിറ്റി ബോർഡിനാവശ്യമായ മീറ്ററുകൾ സപ്ലൈ ചെയ്യുന്നതിന് കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന മീറ്റർ കമ്പനിയുമായി ബോർഡ് കരാറിൽ ഒപ്പുവച്ചിട്ടില്ല. എന്നാൽ 3/2001 മുതൽ 2/2004 വരെ മൂന്ന് വർഷത്തേക്ക് 520 രൂപ നിരക്കിൽ, റേറ്റ് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ സിംഗിൾ ഫേസ് മെക്കാനിക്കൽ മീറ്ററുകൾ സപ്ലൈ ചെയ്യുന്നതിന് 3-3-2001-ൽ ബോർഡ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly